പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4132 — 25-6-2014-ൽ മറുപടിക്ക്

പഴയ പൈപ്പുകൾക്ക് പകരം എം.എസ്. പൈപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്.<br>ശ്രീ. ഹൈബി ഈഡൻ.<br>ശ്രീ. ആർ. സെൽവരാജ്.<br>ശ്രീ. എം.പി. വിൻസെന്റ്. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള പഴയ പൈപ്പ്ലൈനുകൾ മാറ്റി പകരം പുതിയ എം.എസ്. പൈപ്പ് ഇടുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന കുടിവെള്ള പദ്ധതികളിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾക്ക് പകരം അനുയോജ്യമായ പൈപ്പുകൾ ഇടുന്നതിനുള്ള പ്രൊപ്പോസലുകൾ ഓരോ വർഷവും ശേഖരിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിൽ നിലവിലുള്ള പൈപ്പുകൾക്ക് പകരം ഡി.ഐ./എം.എസ്/പി.വി.സി. തുടങ്ങിയവ ഉപയോഗിക്കുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം നഗര ശുദ്ധജല വിതരണ പദ്ധതി അരുവിക്കര മുതൽ പേരൂർക്കട വരെയുള്ള പഴകിയ പി.എസ്.സി. പൈപ്പിനു പകരം എം.എസ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി 26.02.2014-ൽ പൂർത്തിയാക്കി, കമ്മീഷൻ ചെയ്തു. മറ്റുള്ള ജില്ലകളിലും അനുയോജ്യമായ പൈപ്പുകൾ മാറ്റുന്നതിനുള്ള പണികൾ നടന്നുവരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) പഴയ പൈപ്പുകൾ മാറ്റുന്നതിലൂടെ നിരന്തരമുള്ള പൈപ്പ് പൊട്ടൽ, ചോർച്ച മൂലമുള്ള ജലനഷ്ടം, അറ്റകുറ്റപ്പണികളുടെ ചെലവ് ഇവ കുറയ്ക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട ശുദ്ധജലവിതരണം നടത്തുന്നതിനും കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ശുദ്ധജലവിതരണ പദ്ധതികളുടെ നവീകരണത്തിന് ഇത് എത്രമാത്രം പ്രയോജനകർമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | (സി) | മെയിൻ ലൈനുകളിലെ സ്ഥിരമായി ഉണ്ടാകുന്ന പൈപ്പ് പൊട്ടൽ ഒഴിവാക്കുന്നതിലൂടെ കൂടുതൽ ശുദ്ധജലം ടാങ്കുകളിൽ എത്തുകയും ജലവിതരണം മെച്ചപ്പെടുകയും, കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കാൻ കഴിയുകയും ചെയ്യും. പദ്ധതികളുടെ നവീകരണം കൂടി കണക്കിലെടുത്തു അതിന് യോജിക്കുന്ന വ്യാസവും ക്ലാസ്സുമുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത്. ആയതിനാൽ പൈപ്പ് പൊട്ടി റോഡുകൾ തകരുന്നതും, മറ്റു നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കാനും സാധിക്കും. |
| (ഡി) | പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | 2013-14 സാമ്പത്തിക വർഷം പഴകിയ പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി 145.60 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ഇതിന്റെ പണികൾ നടന്നു വരികയും ചെയ്യുന്നു. 2014-15 ൽ പഴയ പൈപ്പ് മാറ്റിയിടുന്നതിലേയ്ക്കായി 95 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. പഴയ പൈപ്പ് മാറ്റിയിടൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് ചീഫ് എഞ്ചിനീയർമാരിൽ നിന്നും ലഭിച്ചതിന്മേൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ മാനേജിംഗ് ഡയറക്ടറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ